2026
July
02
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## 20 ലക്ഷം രൂപ വരെയായിരുന്ന പരിധി 30 ലക്ഷമാക്കി; ബാങ്കിങ് രംഗത്തെ പരാതിയിൽ ഇനി കൂടുതൽ നഷ്ടപരിഹാരം

**ന്യൂഡൽഹി:** ബാങ്കിങ് രംഗവുമായി ബന്ധപ്പെട്ട പരാതികൾ തീർപ്പാക്കാനുള്ള റിസർവ് ബാങ്ക് ഇന്റഗ്രേറ്റഡ് ഓംബുഡ്സ്മാൻ സംവിധാനത്തിന് കൂടുതൽ അധികാരങ്ങൾ. ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഉപയോക്താവിനുണ്ടായ ധനനഷ്ടം പരിഗണിച്ച് നിലവിൽ 20 ലക്ഷം രൂപ വരെ നഷ്ടപരിഹാരമായി വിധിക്കാനാണ് അധികാരമുണ്ടായിരുന്നതെങ്കിൽ ഇനി മുതൽ ഇത് 30 ലക്ഷം രൂപ വരെയാകാം.



ഇതിനു പുറമേ സമയനഷ്ടം, മാനസിക ക്ലേശം തുടങ്ങിയവയൊക്കെ കണക്കിലെടുത്ത് ഇനി 3 ലക്ഷം രൂപ വരെയും വിധിക്കാം. നിലവിലിത് ഒരു ലക്ഷം രൂപ വരെയാണ്. ബാങ്കുകളടക്കമുള്ള ധനകാര്യസ്ഥാപനങ്ങളിൽ നൽകുന്ന പരാതികളിൽ 30 ദിവസത്തിനകം മറുപടി ലഭിക്കാതിരിക്കുകയോ, പരാതി തൃപ്തികരമാകാതിരിക്കുകയോ ചെയ്താൽ ആർബിഐ ഓംബുഡ്സ്മാനെ ഒരു വർഷത്തിനകം സമീപിക്കാം.

കേരള ബാങ്കടക്കം നിലവിൽ ആർബിഐ ഇന്റഗ്രേറ്റഡ് ഓംബുഡ്സ്മാന്റെ പരിധിയിലുണ്ട്. cms.rbi.org.in എന്ന വെബ്സൈറ്റ് വഴിയോ crpc@rbi.org.in എന്ന ഇമെയിൽ വഴിയോ പരാതി അയയ്ക്കാം. പരാതിയുടെ മാതൃക വെബ്സൈറ്റിൽ ലഭ്യമാണ്. ഏതൊക്കെ ബാങ്കുകൾ സംവിധാനത്തിന്റെ പരിധിയിൽ വരുമെന്നും വെബ്സൈറ്റിലൂടെ അറിയാം. സംശയങ്ങൾക്ക് മലയാളം ഉൾപ്പെടെ 10 ഭാഷകളിൽ ടോൾ ഫ്രീ നമ്പർ സൗകര്യമുണ്ട്. ഫോൺ: 14448 .

ധനകാര്യ സ്ഥാപനങ്ങളിൽ ആഭ്യന്തര ഓംബുഡ്സ്മാന്മാർക്കും ഇനി നഷ്ടപരിഹാരം വിധിക്കാനുള്ള അധികാരമുണ്ടായിരിക്കും. ബാങ്കുകൾക്ക് ലഭിക്കുന്ന പരാതികളിൽ ഭാഗികമായി പരിഹാരമുണ്ടാവുകയോ, മൊത്തമായി തള്ളുകയോ ചെയ്യപ്പെടുമ്പോഴാണ് ബാങ്കിന്റെ ഭാഗമായ സ്വതന്ത്ര ആഭ്യന്തര ഓംബുഡ്സ്മാൻ ഇവ പരിഗണിക്കുന്നത്. ഉപയോക്താക്കളുടെ പരാതികൾ സ്വതന്ത്ര പരിശോധനയില്ലാതെ തള്ളുന്നത് ഒഴിവാക്കാനാണ് ഈ സംവിധാനം.

ഉപയോക്താവ് പരാതി നൽകിയാൽ ബാങ്ക് ആദ്യം പരിശോധന നടത്തും. ഇത് പൂർണമായും പരിഹരിച്ചാൽ നടപടി അവിടെ അവസാനിക്കും. പരാതി കൈകാര്യം ചെയ്ത ബാങ്ക് ശാഖകൾക്ക് തന്നെ അവ അവസാനിപ്പിക്കാൻ അധികാരമുണ്ടാകില്ല. പരാതികൾ ഭാഗികമായി തീർപ്പാക്കുകയോ തള്ളുകയോ ചെയ്താൽ സീനിയർ ഉദ്യോഗസ്ഥർ പരിശോധിക്കണം. ഇതിനു ശേഷം തനിയെ ആഭ്യന്തര ഓംബുഡ്സ്മാന്റെ പരിഗണനയ്ക്കെത്തും. ഓംബുഡ്സ്മാൻ 30 ദിവസത്തിനകം ഉപയോക്താവിന് മറുപടി നൽകും.

ബാങ്കിന്റെ നടപടി തെറ്റെങ്കിൽ തിരുത്താൻ നിർദേശിക്കാം, ഒപ്പം നഷ്ടപരിഹാരവും ശുപാർശ ചെയ്യാം. ആഭ്യന്തര ഓംബുഡ്സ്മാന്റെ നടപടിയിലും തൃപ്തരല്ലെങ്കിൽ ഉപയോക്താവിന് ആർബിഐ ഓംബുഡ്സ്മാനെ സമീപിക്കാം. ആഭ്യന്തര ഓംബുഡ്സ്മാന് ഉപയോക്താക്കളിൽ നിന്ന് പരാതി നേരിട്ട് സ്വീകരിക്കാനാവില്ല.

## ജനറൽ ധീരജ് സേത്ത് കരസേനാ മേധാവിയായി ചുമതലയേറ്റു



**ന്യൂഡൽഹി:** ജനറൽ ധീരജ് സേത്ത് 31-ാമത് കരസേനാ മേധാവിയായി ചുമതലയേറ്റു. ഖഡക് വാസ്ലയിലുള്ള നാഷണൽ ഡിഫൻസ് അക്കാദമിയിലെ പൂർവ്വ വിദ്യാർത്ഥിയാണ് ജനറൽ ധീരജ് സേത്ത്, 1986 ഡിസംബറിലാണ് അദ്ദേഹം ആർമഡ് കോർപ്സിൽ സേവനം ആരംഭിച്ചത്. ഏകദേശം 40 വർഷത്തെ സൈനിക ജീവിതത്തിൽ, സൈനിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക, ദേശീയ പ്രതിരോധ തന്ത്രങ്ങൾ ആസൂത്രണം ചെയ്യുക, സൈന്യത്തിന്റെ ശേഷി മെച്ചപ്പെടുത്തുക, സൈനിക സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുക തുടങ്ങിയ പ്രധാന ചുമതലകളിൽ അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. തന്റെ അനുഭവ പരിജ്ഞാനത്തിലൂടെയും നേതൃത്വത്തിലൂടെയും, ഇന്ത്യൻ സൈന്യത്തിന്റെ പോരാട്ട വീര്യം വർദ്ധിപ്പിക്കുന്നതിലും ദീർഘകാല ആധുനികവത്ക്കരണത്തിലും സൈനികവികസനത്തിലും അദ്ദേഹം സുപ്രധാന പങ്ക് വഹിച്ചു.

വൈവിധ്യമാർന്ന പ്രവർത്തന പരിതസ്ഥിതികളിലെ പ്രധാനപ്പെട്ട എല്ലാ തലങ്ങളിലേല്ലാം അദ്ദേഹം ജനറൽ ഓഫീസർ കമാൻഡിംഗ് ചുമതല വഹിച്ചിട്ടുണ്ട്. മരുഭൂമിയിലെ കവചിത റെജിമെന്റ്, വെസ്റ്റേൺ തിയേറ്ററിലെ കവചിത ബ്രിഗേഡ്, ജമ്മു കശ്മീരിലെ കൗണ്ടർഇൻസർജൻസി ഫോഴ്സ് എന്നിവ അദ്ദേഹത്തിന്റെ കമാൻഡിംഗ് ചുമതലകളിൽ ഉൾപ്പെട്ടിരുന്നു. ലെഫ്റ്റനന്റ് ജനറലായി സ്ഥാനക്കയറ്റം ലഭിച്ച ശേഷം, ഇന്ത്യൻ സൈന്യത്തിന്റെ പ്രധാന സ്ട്രൈക്ക് ഫോഴ്സുകളിലൊന്നായ സുദർശൻ ചക്ര കോർപ്സിനെ അദ്ദേഹം നയിച്ചു. പിന്നീട്, ഡൽഹി ഏരിയയുടെ ജനറൽ ഓഫീസർ കമാൻഡിംഗായി അദ്ദേഹം സേവനമനുഷ്ഠിച്ചു. ഡൽഹിയിൽ സുരക്ഷ, ആചാരപരമായ പരിപാടികൾ, വിദേശ രാജ്യങ്ങളുമായുള്ള സൈനിക ഇടപെടലുകൾ എന്നിവയുൾപ്പെടെ ദേശീയ തലസ്ഥാനത്തെ പ്രധാനപ്പെട്ട സൈനിക പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം അദ്ദേഹത്തിനായിരുന്നു.

ആർമി കമാൻഡറായി സ്ഥാനക്കയറ്റം ലഭിച്ച ശേഷം, ജനറൽ ധീരജ് സേത്ത് ഇന്ത്യൻ സൈന്യത്തിന്റെ സൗത്ത് വെസ്റ്റേൺ കമാൻഡിനെയും സതേൺ കമാൻഡിനെയും നയിച്ചു. രണ്ടര വർഷത്തിലേറെയായി, രാജ്യത്തിന്റെ പ്രധാന ഭൂപ്രദേശങ്ങളിലുടനീളം സൈനിക പ്രവർത്തനങ്ങൾക്കും തന്ത്രപരമായ ആസൂത്രണങ്ങൾക്കും മേൽനോട്ടവും വഹിച്ചു.

## പെട്രോളിന് 5 രൂപയും ഡീസലിന് 3 രൂപയും വെട്ടിക്കുറച്ച് നയാര എനർജി

**ന്യൂഡൽഹി:** പെട്രോൾ വില ലീറ്ററിന് 5 രൂപയും ഡീസലിന് 3 രൂപയും വെട്ടിക്കുറച്ച് രാജ്യത്തെ സ്വകാര്യ മേഖലയിലെ ഏറ്റവും വലിയ എണ്ണവിതരണക്കമ്പനി നയാര എനർജി. രാജ്യത്ത് 7000 പെട്രോൾ പമ്പുകളുള്ള എണ്ണക്കമ്പനിയാണ് നയാര എനർജി. കഴിഞ്ഞ ഒന്നര വർഷത്തിനിടെ മാത്രം 500 പുതിയ പമ്പുകൾ കമ്പനി തുറന്നിരുന്നു.പശ്ചിമേഷ്യയിലെ യുദ്ധത്തെ തുടർന്ന് രാജ്യാന്തര ക്രൂഡോയിൽ വില കൂടിയതിന് ആനുപാതികമായി ഇന്ധനവില കൂട്ടിയ കമ്പനിയാണ് നയാരയും. കഴിഞ്ഞ മാർച്ചിൽ ഡീസലിന് 3 രൂപയും പെട്രോളിന് 5 രൂപയും കൂട്ടിയിരുന്നു. ഇതാണ് ഇപ്പോൾ ക്രൂഡോയിൽ വില കുറഞ്ഞതിനാൽ വെട്ടിക്കുറച്ചത്. യുദ്ധം ആരംഭിച്ചശേഷം ഇന്ത്യയിൽ പെട്രോൾ, ഡീസൽ വില ഒരു കമ്പനി കുറയ്ക്കുന്നത് ഇതാദ്യമാണ്. അതേസമയം പൊതുമേഖലാ എണ്ണക്കമ്പനികൾ 3 തവണയായി പെട്രോളിന് 7.5 രൂപ കൂട്ടിയിരുന്നു. നിലവിൽ പെട്രോളിന് 115.49 രൂപയും ഡീസലിന് 104.40 രൂപയുമാണ് വില (തിരുവനന്തപുരം).

യുദ്ധത്തെ തുടർന്ന് ക്രൂഡോയിൽ വില ബാരലിന് 110-120 ഡോളർ നിലവാരത്തിലേക്ക് കയറിയിരുന്നു. ഇപ്പോൾ വില 70-73 ഡോളറിലാണ്. ഒരുവേള 70 ഡോളറിന് താഴെയുമെത്തിയിരുന്നു. ക്രൂഡോയിൽ വില കൂടിയപ്പോൾ എണ്ണക്കമ്പനികൾക്ക് പ്രതിദിനം 700-1000 കോടി രൂപ നഷ്ടമുണ്ടായെന്ന് അടുത്തിടെ കേന്ദ്രം വ്യക്തമാക്കിയിരുന്നു.






## കുസാറ്റ്: അസിസ്റ്റന്റ് പ്രൊഫസർ ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ പ്രൊഫ. എൻ ആർ മാധവ മേനോൻ ഇന്റർഡിസിപ്ലിനറി സെന്റർ ഫോർ റിസർച്ച് എത്തിക്സ് ആൻഡ് പ്രോട്ടോകോൾസിൽ (ഐസിആർഇപി) കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ ഒഴിവിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ബി.ഇ/ബി.ടെക്ക്/ബി.എസ്, എം.ഇ/എം.ടെക്ക്/എം.എസ് അല്ലെങ്കിൽ കമ്പ്യൂട്ടർ സയൻസിൽ ഇന്റഗ്രേറ്റഡ് എം.ടെക്ക്/ എംസിഎ അല്ലെങ്കിൽ നെറ്റ്/പിഎച്ച്ഡി ഓടുകൂടി കമ്പ്യൂട്ടർ സയൻസിൽ ബിരുദാനന്തര ബിരുദമാണ് യോഗ്യത. പിഎച്ച്ഡി യോഗ്യത അഭികാമ്യം. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ജൂലൈ 20ന് മുൻപായി ഓൺലൈനായി അപേക്ഷിക്കണം. അപേക്ഷയുടെ കോപ്പിയും, വയസ്, യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ കോപ്പിയും 'രജിസ്ട്രാർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല 682022' എന്ന വിലാസത്തിലേക്ക് ജൂലൈ 27ന് മുൻപായി ലഭിക്കത്തക്കവിധം അയക്കുക. ആപ്ലിക്കേഷനും മറ്റ് വിശദ വിവരങ്ങൾക്കും https://recruit.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 8078019688.



## കേരളത്തിന്റെ വികസനമാറ്റത്തിന് ടീം വർക്ക് അനിവാര്യം: മുഖ്യമന്ത്രി

**തിരുവനന്തപുരം:** കേരളത്തിന്റെ സമഗ്രമായ വികസന മാറ്റത്തിനായി ഓൾ ഇന്ത്യ സർവീസിലെയും സെക്രട്ടേറിയറ്റിലെയും മറ്റ് സർക്കാർ മേഖലകളിലെയും ഉദ്യോഗസ്ഥർ ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ പറഞ്ഞു. വിരമിക്കുന്ന ചീഫ് സെക്രട്ടറി ഡോ എ ജയതിലകിനും അഡിഷണൽ ചീഫ് സെക്രട്ടറി ഡോ രാജൻ എൻ ഖോബ്രഗഡെയ്ക്കും സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ സർക്കാർ നൽകിയ യാത്രയയപ്പ് ചടങ്ങിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

വിരമിക്കൽ ജീവിതത്തിന്റെ അവസാനമല്ല, പുതിയൊരു കാലഘട്ടത്തിന്റെ തുടക്കമാണിത്. മുൻപ് വിരമിക്കൽ ജീവിതത്തിന്റെ അവസാനമായാണ് പലരും കണ്ടിരുന്നതെങ്കിലും ഇന്ന് സാഹചര്യങ്ങൾ മാറി. ആയുർദൈർഘ്യം വർധിച്ചതിനാൽ സർവീസിലുണ്ടായിരുന്നതിനേക്കാൾ കൂടുതൽ കാലം ആളുകൾക്ക് വിരമിച്ച ശേഷമുള്ള ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നുണ്ട്. ഈ മാറ്റം പരിഗണിച്ചാണ് പുതിയ ബജറ്റിൽ പ്രധാന ആശയങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്. മുതിർന്ന പൗരന്മാർക്ക് കൂടുതൽ ക്രിയാത്മകമായി സമൂഹത്തിന് സംഭാവന ചെയ്യാൻ കഴിയുന്ന സാഹചര്യമുണ്ടാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും മുഖ്യമന്ത്രി പറഞ്ഞു.

വിരമിക്കുന്ന ഉദ്യോഗസ്ഥരുടെ സേവനങ്ങളെ മുഖ്യമന്ത്രി പ്രത്യേകം അഭിനന്ദിച്ചു. പുതിയ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ചീഫ് സെക്രട്ടറി ഡോ. എ ജയതിലക് സജീവമായി പ്രവർത്തിച്ചു. മന്ത്രിമാരുടെ വകുപ്പ് വിഭജനം, ഗവർണറുടെ നയപ്രഖ്യാപനം, ധവളപത്രം, ബജറ്റ് തുടങ്ങിയ സുപ്രധാന കാര്യങ്ങളിൽ അദ്ദേഹം നൽകിയ പിന്തുണ വിലമതിക്കാനാകാത്തതാണെന്നും മുഖ്യമന്ത്രി പറഞ്ഞു. ഏത് വിഷയവും ആഴത്തിൽ പഠിച്ച് കൃത്യമായ മറുപടി നൽകുന്ന ഉദ്യോഗസ്ഥനാണ് ഡോ രാജൻ എൻ ഖോബ്രഗഡെയെന്നും താൻ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാനായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ മികച്ച സേവനങ്ങളെ കമ്മിറ്റി പ്രത്യേകം അഭിനന്ദിച്ചിരുന്നതായും അദ്ദേഹം ഓർമിച്ചു.

കേരളം ഇപ്പോൾ നിർണായകമായ ഒരു ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നതെന്നും എല്ലാ മേഖലകളിലും അടിസ്ഥാനപരമായ മാറ്റങ്ങൾ വരുമെന്നും അതിനായി ടീം വർക്ക് അനിവാര്യമാണെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. വിരമിക്കുന്ന ഉദ്യോഗസ്ഥർക്ക് മുന്നിലുള്ള ജീവിതഘട്ടത്തിലും സമൂഹത്തിനും സംസ്ഥാനത്തിനും വിലപ്പെട്ട സംഭാവനകൾ നൽകാൻ കഴിയട്ടെയെന്നും മുഖ്യമന്ത്രി ആശംസിച്ചു.

സംസ്ഥാന സർക്കാരിന്റെ ഉപഹാരം ഡോ എ ജയതിലകിനും ഡോ രാജൻ എൻ ഖോബ്രഗഡെയ്ക്കും മുഖ്യമന്ത്രി സമ്മാനിച്ചു.

വിരമിക്കുന്ന രണ്ട് ഉന്നത ഉദ്യോഗസ്ഥരുടെയും പ്രവർത്തനങ്ങൾ മാതൃകാപരമായിരുന്നുവെന്ന് വ്യവസായ വകുപ്പ് മന്ത്രി കെ കുഞ്ഞാലികുട്ടി പറഞ്ഞു. നിയുക്ത ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ സ്വാഗതം ആശംസിച്ച ചടങ്ങിൽ വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പടെയുള്ളവർ പങ്കെടുത്തു. പൊതുഭരണ വകുപ്പ് സെക്രട്ടറി കെ ബിജു നന്ദി അറിയിച്ചു.



## പുഷ്പഗിരി നഴ്സിംഗ് കോളജിൽ ബിരുദദാനച്ചടങ്ങ്

**തിരുവല്ല:** പുഷ്പഗിരി നഴ്സിംഗ് കോളജിലെ 13-ാമത് ബാച്ച് എംഎസ് സി നഴ്സിംഗ് വിദ്യാർഥികളുടെയും 20-ാമത് ബാച്ച് ബിഎസ് സി നഴ്സിംഗ് വിദ്യാർഥികളുടെയും ബിരുദദാനച്ചടങ്ങ് കോളജ് ഓഡിറ്റോറിയത്തിൽ നടന്നു. ഡോ. ജി. ശ്രീകുമാർ മേനോൻ ഉദ്ഘാടനം ചെയ്തു.

സമ്മേളനത്തിൽ പുഷ്പഗിരി സിഇഒ ഫാ. ഡോ.ബിജു വർഗീസ് അധ്യക്ഷത വഹിച്ചു. ആർച്ച് ബിഷപ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത അനുഗ്രഹപ്രഭാഷണം നടത്തി.

കോളജ് ഡയറക്ടർ ഫാ. മാത്യു പുത്തൻപുരയിൽ, പ്രിൻസിപ്പൽ പ്രഫ. വിനീത ജേക്കബ്, വൈസ് പ്രിൻസിപ്പൽ സിസ്റ്റർ മേരി, പ്രഫ. രഞ്ജിനിദേവി, പിടിഎ പ്രസിഡൻറ് സഞ്ജീവ് കുമാർ എന്നിവർ പ്രസംഗിച്ചു. മികച്ച വിജയം കൈവരിച്ച കുട്ടികളെ ചടങ്ങിൽ ആദരിച്ചു.





**റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ ലോഡ്സിന്റെ റോട്ടറി ഇയർ 2026-27 വർഷത്തെ ഭാരവാഹികൾ പ്രസിഡൻറ് റൊട്ടേറിയൻ അനിത മത്തായി മുതിരേന്തി, സെക്രട്ടറി റൊട്ടേറിയൻ നാൻസി ജോൺസൺ, ട്രഷറർ റൊട്ടേറിയൻ കെ എം ഉണ്ണി.**

## ജൂബിലിയിൽ ക്രിട്ടിക്കൽ കെയർ ശില്പശാല

**തൃശൂർ:** ജൂബിലി മിഷൻ ആശുപത്രിയുടെ പ്ലാറ്റിനം ജൂബിലി, ജൂബിലി മിഷൻ സ്കൂൾ ഓഫ് നഴ്സിംഗിൻറെ ഡയമണ്ട് ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നഴ്സുമാരുടെ അത്യാഹിത ശുശ്രൂഷാ നൈപുണ്യം പോഷിപ്പിക്കുക എന്ന വിഷയത്തിൽ ഏകദിന ശില്പശാല സംഘടിപ്പിച്ചു.

ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ സ്കൂൾ ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ സിസ്റ്റർ റെജി അഗസ്റ്റിൻ, അസി. ഡയറക്ടർ ഫാ. ജോയ്സൻ ചെറുവത്തൂർ, റിസർച്ച് കോഓർഡിനേറ്റർ ഡോ.പി.ആർ. വർഗീസ്, ജൂബിലി മിഷൻ കോളജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ സിസ്റ്റർ ഡോ. ജൂഡി എസ്ഐസി, നഴ്സിംഗ് സൂപ്രണ്ട് സിസ്റ്റർ മെറ്റിൽഡ പോൾ, ജൂബിലി മിഷൻ സ്കൂൾ ഓഫ് നഴ്സിംഗ് വൈസ് പ്രിൻസിപ്പൽ സിജി ജോസ് എന്നിവർ പ്രസംഗിച്ചു.

ഡോ.പി.സി. രാജീവ്, ഡോ. ഡിയോ മാത്യു, ഡോ. ശ്രീകല രാധാകൃഷ്ണൻ, സിസ്റ്റർ ഡോ. ജൂഡി എസ്ഐസി, അനുഷ സെൽവിൻ മേരി എന്നിവർ ക്ലാസെടുത്തു.

## ആൽഫാ മരിയ അക്കാദമിയിൽ ജർമൻ കോൺവൊക്കേഷൻ സംഘടിപ്പിച്ചു

**കുന്നമംഗലം:** കുന്നമംഗലത്തെ ആൽഫാ മരിയ അക്കാദമിയിൽ ജർമൻ ഭാഷാപഠനം വിജയകരമായി പൂർത്തിയാക്കിയ വിദ്യാർഥികൾക്കായുള്ള ജർമൻ കോൺവൊക്കേഷൻ ചടങ്ങും പുതിയ അക്കാദമിക് വർഷത്തിന്റെ ഉദ്ഘാടനവും നടത്തി. വിദ്യാർഥികളുടെ പരിശ്രമവും അധ്യാപകരുടെ സമർപ്പണവും രക്ഷിതാക്കളുടെ പിന്തുണയും അക്കാദമിയുടെ വളർച്ചയ്ക്ക് വലിയ കരുത്തായതായി ആൽഫാ മരിയ അക്കാദമി ഡയറക്ടർ ഫാ. ജോസഫ് പുളിച്ചമാക്കൽ പറഞ്ഞു.

പുതിയ അക്കാദമിക് വർഷത്തിൽ കൂടുതൽ പഠനാവസരങ്ങളും പരിശീലന പരിപാടികളും ഒരുക്കുമെന്നും വിദ്യാർഥികളുടെ സമഗ്രവികസനത്തിന് ആവശ്യമായ എല്ലാ പിന്തുണയും അക്കാദമി നൽകുമെന്നും അദ്ദേഹം അറിയിച്ചു. ജർമൻ ഭാഷാപഠനം വിദ്യാർഥികളുടെ ഭാവി സാധ്യതകൾ വിപുലീകരിക്കുന്നതിൽ നിർണായകമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പുതിയ അക്കാദമിക് വർഷത്തിൻറെ ഔപചാരിക ഉദ്ഘാടനം താമരശേരി ബിഷപ് മാർ റെമീജിയോസ് ഇഞ്ചാനാനിയിൽ നിർവഹിച്ചു.



തുടർന്ന് ജർമൻ ഭാഷാപഠനം പൂർത്തിയാക്കിയ വിദ്യാർഥികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ജർമൻ ഭാഷാപ്രാവീണ്യം വിദ്യാർഥികളുടെ ഉന്നതവിദ്യാഭ്യാസത്തിനും അന്തർദേശീയ തൊഴിൽ അവസരങ്ങൾക്കും പുതിയ വാതായനങ്ങൾ തുറക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ആൽഫാ മരിയ ട്രസ്റ്റ് പ്രതിനിധി മോൺ. ഏബ്രഹാം വയലിൽ സന്നിഹിതനായിരുന്നു.വിവിധ കലാപരിപാടികളോടെ ചടങ്ങ് സമാപിച്ചു.

## എം.ജി സർവകലാശാല

### മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ബിരുദ ഏകജാലകം: മൂന്നാം അലോട്മെന്റ് രജിസ്ട്രേഷൻ ആരംഭിച്ചു

**കോട്ടയം:** മഹാത്മാഗാന്ധി സർവകലാശാല ബിരുദ ഏകജാലകം മൂന്നാം അലോട്മെന്റ് രജിസ്ട്രേഷൻ ജൂലൈ 4 വരെ.

മുൻ അലോട്മെന്റുകളിൽ അഡ്മിഷൻ കിട്ടാത്ത വിദ്യാർഥികൾ വീണ്ടും ഓപ്ഷൻ രജിസ്റ്റർ ചെയ്യണം. അപേക്ഷയിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിനും ഇതോടൊപ്പം സാധിക്കും. നാളിതുവരെ ഓൺലൈൻ രജിസ്ട്രേഷൻ നടത്താൻ സാധിക്കാതിരുന്നവർക്കും ജൂലൈ 4 വരെ അവസരമുണ്ട്.

നിലവിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളെ മൂന്നാം അലോട്മെന്റിലേക്ക് പരിഗണിക്കുകയില്ല.

മൂന്നാം അലോട്മെന്റിനായി കമ്മ്യൂണിറ്റി ക്വാട്ട / പി.ഡി. ക്വാട്ട എന്നിവയിലേക്ക് വീണ്ടും ഓപ്ഷനുകൾ നൽകുന്നതിനും പുതുതായി അപേക്ഷ സമർപ്പിക്കുന്നതിനും സൗകര്യം ലഭ്യമാണ്.

### യു. ജി മൂന്നാം സെമെസ്റ്റർ: കോഴ്സ്, കോളേജ് മാറ്റങ്ങൾക്ക് അവസരം

മഹാത്മാഗാന്ധി സർവകലാശാല മൂന്നാം സെമസ്റ്റർ യു.ജി. (റെഗുലർ)വിദ്യാർത്ഥികൾക്ക് മേജർ സബ്ജക്ട് മാറ്റുന്നതിനും അഫിലിയേറ്റഡ് കോളേജുകളിലെ വിദ്യാതഥികൾക്ക് കോളേജ് മാറുന്നതിനുമുള്ള രണ്ടാം ഘട്ട നടപടികൾ ആരംഭിച്ചു. ജൂലൈ 2 വരെ അപേക്ഷിക്കാം.

വെബ്സൈറ്റിലെ (cap.mgu.ac.in) കോളേജ് ട്രാൻസ്ഫർ ഓപ്ഷൻ വഴിയാണ് അപേക്ഷിക്കേണ്ടത്. രജിസ്ട്രേഷൻ സമയത്ത് ലഭിച്ച അപേക്ഷാ നമ്പറും രജിസ്റ്റർ ചെയ്ത ഇമെയിൽ ഐഡിയും ഉപയോഗിച്ചാണ് ലോഗിൻ ചെയ്യേണ്ടത്. ഒ.ടി.പി രേഖപ്പെടുത്തി അപേക്ഷാ പോർട്ടലിൽ പ്രവേശിച്ച് തുടർന്ന നടപടികൾ പൂർത്തിയാക്കാം.

### സ്പോട്ട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവകലാശാല കാമ്പസിലെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നടത്തുന്ന എം.എസ്സി. കെമിസ്ട്രി (ഇനോർഗാനിക് കെമിസ്ട്രി / ഓർഗാനിക് കെമിസ്ട്രി / ഫിസിക്കൽ കെമിസ്ട്രി / പോളിമർ കെമിസ്ട്രി) 2026-2028 ബാച്ചിൽ പട്ടികജാതി , പട്ടികവർഗ്ഗം വിഭാഗങ്ങളിൽ സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിലേക്ക് 2026 ജൂലൈ 2ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. C-AT പ്രോസ്പെക്ടസ് പ്രകാരം യോഗ്യതയുള്ള വിദ്യാർത്ഥികൾ യോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളുമായി അന്ന് വൈകുന്നേരം 4 മണിക്ക് മുൻപായി പഠനവകുപ്പിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

രജിസ്റ്റർ ചെയ്യുന്ന അപേക്ഷകരുടെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം. എൻ.എസ്.എസ് / എൻ.സി.സി / എക്സ് സർവീസ് സർട്ടിഫിക്കറ്റ് ഉള്ളവർക്ക് നിയമാനുസൃതമായ വെയ്റ്റേജ് മാർക്കുകൾ ലഭിക്കും. ഫോൺ : 0481 2731036, 7034305774, ഇമെയിൽ office.scs@mgu.ac.in.

### ജർമൻ, ഫ്രഞ്ച്, തമിഴ് ഓൺലൈൻ കോഴ്സുകൾ

സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ നടത്തുന്ന ഓൺലൈൻ എബിലിറ്റി എൻഹാൻസ്മെന്റ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. 2026 ജൂലൈ സെഷനിൽ ജർമൻ, ഫ്രഞ്ച്, തമിഴ് ഭാഷകളാണ് പഠിപ്പിക്കുന്നത്.

പ്രധാനമായും നാലുവർഷ ബിരുദ (FYUGP) കോഴ്സുകളിലെ ഒന്നാം സെമസ്റ്റർ വിദ്യാർഥികൾക്കായി നടത്തുന്ന കോഴ്സാണെങ്കിലും താത്പര്യമുള്ള ആർക്കും പങ്കെടുക്കാം. ഒരേ സമയം ഒന്നിലധികം AEC കോഴ്സുകൾക്ക് അപേക്ഷിക്കാനും അവസരമുണ്ട്.

പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ യോഗ്യത വേണം. പ്രായപരിധിയില്ല. ജർമൻ ലെവൽ1, ഫ്രഞ്ച് ഓൺലൈൻ, പൊതു തമിഴ്1 എന്നീ കോഴ്സുകൾക്ക് 1,500 രൂപ വീതമാണ് ഫീസ്.

അപേക്ഷകൾ cdoe.mgu.ac.in വെബ്സൈറ്റ് വഴി ഓൺലൈനായി സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 2731010, ഇമെയിൽ:mguonline@mgu.ac.in.

### ബി.കോം. കഴിഞ്ഞവർക്ക് 6 മാസത്തെ കോ-ഓപ്പറേഷൻ ഓൺലൈൻ കോഴ്സ്

ബി.കോം പാസായവർക്ക് കോ-ഓപ്പറേഷൻ അഡീഷണൽ ഇലക്ടീവ് ഓൺലൈനായി പഠിക്കാൻ അവസരം. സഹകരണ മേഖലയെക്കുറിച്ചുള്ള ആഴത്തിലുള്ള അറിവും സഹകരണ സംഘങ്ങൾ, സ്വയംസഹായ സംഘങ്ങൾ, ക്രെഡിറ്റ് യൂണിയനുകൾ തുടങ്ങിയ മേഖലകളിലെ തൊഴിൽസാധ്യതയും വർധിപ്പിക്കുന്നതിനാണ് ആറുമാസ ദൈർഘ്യമുള്ള ഈ ഓൺലൈൻ പ്രോഗ്രാം ലക്ഷ്യമിടുന്നത്. ഡിഗ്രിക്ക് കോഓപ്പറേഷൻ ഇലക്ടീവ് ആയി പഠിക്കാത്തവർക്കാണ് ഈ അവസരം. ഓൺലൈൻ ക്ലാസുകളും പഠനസാമഗ്രികളും ലഭ്യമാക്കും. കോഓപ്പറേഷന്റെ അടിസ്ഥാനതത്വങ്ങൾ, സഹകരണ നിയമങ്ങൾ, സഹകരണ സ്ഥാപനങ്ങളുടെ ഭരണവും മാനേജ്മെന്റും, അക്കൗണ്ടിംഗും ഓഡിറ്റും എന്നിവയാണ് പഠനവിഷയങ്ങൾ. പ്രായപരിധിയില്ല. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2026 സെപ്റ്റംബർ 15. അപേക്ഷാ ഫീസ് 1,000 രൂപയും കോഴ്സ് ഫീസ് 6,000 രൂപയും ഓരോ പേപ്പറിനും പരീക്ഷാ ഫീസ് 300 രൂപയുമാണ്. അപേക്ഷകൾ cdoe.mgu.ac.in വഴി ഓൺലൈനായി സമർപ്പിക്കാം. വിശദ വിവരങ്ങൾക്ക് mguonline@mgu.ac.in, ഫോൺ04812731010




## പകർച്ചവ്യാധി പ്രതിരോധത്തിൽ വിദ്യാർത്ഥികൾക്ക് നിർണായക പങ്ക്: മന്ത്രി കെ.മുരളീധരൻ

**തിരുവനന്തപുരം:** പകർച്ചവ്യാധി പ്രതിരോധത്തിൽ വിദ്യാർത്ഥികൾക്ക് നിർണായക പങ്കുണ്ടെന്ന് ആരോഗ്യ വകുപ്പ് മന്ത്രി കെ. മുരളീധരൻ പറഞ്ഞു. ആരോഗ്യവിദ്യാഭ്യാസ വകുപ്പുകൾ സംയുക്തമായി സംഘടിപ്പിക്കുന്ന പകർച്ചവ്യാധി പ്രതിരോധ സ്കൂൾതല പ്രചാരണ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ഗവ. കോട്ടൺ ഹിൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. മഴക്കാലത്ത് കൊതുകുകളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണമെന്ന് മന്ത്രി പറഞ്ഞു. വിദ്യാലയങ്ങൾ ശുചിത്വത്തിനും രോഗപ്രതിരോധത്തിനും പ്രത്യേക ശ്രദ്ധ നൽകണം. പനിയും മറ്റ് രോഗമുള്ളവർ ആവശ്യമായ സാഹചര്യങ്ങളിൽ മാസ്ക് ധരിക്കുന്നത് തുൾപ്പെടെയുള്ള മുൻകരുതലുകൾ സ്വീകരിക്കണം. പകർച്ചവ്യാധികളുടെ വ്യാപനം കൃത്യമായി മനസിലാക്കാൻ പരിശോധനകൾ വർദ്ധിപ്പിച്ചിട്ടുണ്ടെന്നും രോഗവ്യാപനവുമായി ബന്ധപ്പെട്ട വിവരങ്ങൾ ആരോഗ്യ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണെന്നും അദ്ദേഹം അറിയിച്ചു.

ശുചിത്വ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാത്രം ഉത്തരവാദിത്തമല്ലെന്നും സർക്കാർ വകുപ്പുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും പൊതുജനങ്ങളും ഉൾപ്പെടെ എല്ലാവരും പങ്കാളികളാകണമെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് ആഴ്ചയിൽ മൂന്ന് ദിവസം 'ഡ്രൈ ഡേ' ആചരിച്ച് കൊതുക് വളരാൻ സാധ്യതയുള്ള ഇടങ്ങൾ ശുചീകരിക്കുന്ന പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പാക്കി വരികയാണ്. സുൽത്താൻ ബത്തേരിയിലെ ഒരു സ്കൂളിൽ വയറിളക്ക ബാധ റിപ്പോർട്ട് ചെയ്തിരുന്നെങ്കിലും ചികിത്സയിലൂടെ 21 കുട്ടികളും രോഗമുക്തരായതായി മന്ത്രി അറിയിച്ചു. ഷിഗെല്ല ഉൾപ്പെടെയുള്ള ജലജന്യ രോഗങ്ങൾക്കെതിരെയും ഡെങ്കിപ്പനി പോലുള്ള മഴക്കാല രോഗങ്ങൾക്കെതിരെയും ജാഗ്രത തുടരുകയാണ്. നിപ്പ പ്രതിരോധ പ്രവർത്തനങ്ങളും ഇത്തവണ കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. നിപ്പ രോഗബാധിതന് കോഴിക്കോട് ഗവ. മെഡിക്കൽ കോളേജിൽ മികച്ച ചികിത്സ ഉറപ്പാക്കി. ഇതിനായി സംസ്ഥാനത്ത് ലഭ്യമല്ലാതിരുന്ന മരുന്ന് ബഹ്റൈനിൽ നിന്ന് സമയബന്ധിതമായി എത്തിക്കാൻ ആരോഗ്യ വകുപ്പ് നടപടി സ്വീകരിച്ചു. ആരോഗ്യ പ്രവർത്തകരുടെ കൂട്ടായ പ്രവർത്തനമാണ് രോഗപ്രതിരോധ രംഗത്തെ നേട്ടങ്ങൾക്ക് കരുത്താകുന്നതെന്നും മന്ത്രി പറഞ്ഞു.

കൺവീനർ ഡോ.ശ്രീജിത്ത്. എൻ.കുമാർ ബോധവത്കരണ സന്ദേശം നൽകി. ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ.വി.മീനാക്ഷി സ്വാഗതം ആശംസിച്ചു. അഡീഷണൽ ഡയറക്ടർ (പബ്ലിക് ഹെൽത്ത്) ഡോ. റീത്ത കെ. പി., ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.ബിന്ദു മോഹൻ, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.അർനോൾഡ് ദീപക്, സ്കൂൾ പി.ടി.എ. പ്രസിഡന്റ് ബ്രിജിത്ത് ലാൽ, സ്കൂൾ പ്രിൻസിപ്പൽ ഗ്രീഷ്മ വി, ഹെഡ്മിസ്ട്രസ് ഗീത.ജി, അഡീഷണൽ ഹെഡ്മിസ്ട്രസ് ജീന.എൻ എന്നിവർ പങ്കെടുത്തു.

## സി.സി.ആർ.എച്ച് റിസർച്ച് ഓഫീസർ പരീക്ഷാ പ്രക്രിയ റദ്ദാക്കി;

### വിജ്ഞാപനം വന്ന് 7 മാസത്തിന് ശേഷം കൗൺസിലിന്റെ നടപടിയിൽ ഉദ്യോഗാർത്ഥികൾ പ്രതിസന്ധിയിൽ

**ന്യൂഡൽഹി:** കേന്ദ്ര ആയുഷ് മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ ഹോമിയോപ്പതി നടത്തിയ റിസർച്ച് ഓഫീസർ (ഹോമിയോപ്പതി) ഉൾപ്പെടെയുള്ള വിവിധ തസ്തികകളിലേക്കുള്ള പരീക്ഷാ പ്രക്രിയ പൂർണ്ണമായും റദ്ദാക്കി. റിസർച്ച് ഓഫീസർ (ഹോമിയോപ്പതി), റിസർച്ച് ഓഫീസർ (എൻഡോക്രൈനോളജി), റിസർച്ച് ഓഫീസർ (പതോളജി) തുടങ്ങിയ ഉയർന്ന തസ്തികകളുടെ പരീക്ഷകളാണ് ഭരണപരമായ കാരണങ്ങളാൽ റദ്ദാക്കിയിരിക്കുന്നത്.

വിജ്ഞാപനം പുറത്തുവന്ന് ഏഴു മാസത്തോളം നീണ്ട നടപടികൾക്കൊടുവിൽ, പരീക്ഷാ പ്രക്രിയകളെല്ലാം പൂർത്തിയായ ശേഷമാണ് കൗൺസിൽ ഈ അപ്രതീക്ഷിത ഉത്തരവ് പുറത്തുവിട്ടത്. ഹോമിയോപ്പതി മേഖലയിലെ ഉയർന്ന യോഗ്യതയുള്ള പിജി തല ഉദ്യോഗാർത്ഥികളെ ഈ തീരുമാനം കടുത്ത ആശങ്കയിലാഴ്ത്തിയിരിക്കുകയാണ്.

പ്രാഥമിക വിജ്ഞാപനത്തിന് ശേഷം വളരെ ധൃതിപിടിച്ചാണ് അധികൃതർ പരീക്ഷാ നടപടികളിലേക്ക് കടന്നത്. പരീക്ഷയ്ക്ക് തൊട്ടുപിന്നാലെ തന്നെ ഔദ്യോഗിക ആൻസർ കീ പ്രസിദ്ധീകരിക്കുകയും മറ്റ് മൂല്യനിർണ്ണയ പ്രക്രിയകൾ വളരെ വേഗത്തിൽ പൂർത്തിയാക്കുകയും ചെയ്തിരുന്നു. റിസർച്ച് ഓഫീസർ തസ്തികകളിലേക്ക് അർഹരായവർക്കായുള്ള അടുത്ത ഘട്ട നടപടികൾ ഉടൻ ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചിരിക്കെയാണ് കൗൺസിലിന്റെ ഭാഗത്തുനിന്നും ഇത്തരമൊരു അടിയന്തിര റദ്ദാക്കൽ പ്രഖ്യാപനം ഉണ്ടാകുന്നത്.

പരിമിതമായ പരീക്ഷാ കേന്ദ്രങ്ങളും വൻ സാമ്പത്തിക നഷ്ടവും രാജ്യത്തെ വളരെ പരിമിതമായ നഗരങ്ങളിൽ മാത്രമായിരുന്നു ഈ ഉന്നത തല പരീക്ഷയ്ക്കുള്ള കേന്ദ്രങ്ങൾ അനുവദിച്ചിരുന്നത്. കേരളം ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള റിസർച്ച് ഓഫീസർ ഉദ്യോഗാർത്ഥികൾക്ക് പരീക്ഷ എഴുതാനായി ദീർഘദൂര യാത്രകൾ ചെയ്യേണ്ടി വന്നിരുന്നു.

ട്രെയിൻ, ഫ്ളൈറ്റ് ടിക്കറ്റുകൾക്കായി വലിയൊരു തുകയാണ് അവസാന നിമിഷം ഉദ്യോഗാർത്ഥികൾക്ക് ചിലവഴിക്കേണ്ടി വന്നത്.

പരീക്ഷാ കേന്ദ്രങ്ങളുള്ള നഗരങ്ങളിലെ താമസത്തിനും ഭക്ഷണത്തിനുമായി ഭീമമായ തുക വിദ്യാർത്ഥികൾക്ക് കണ്ടെത്തേണ്ടി വന്നു.

പരീക്ഷാ നടപടികളെല്ലാം പൂർത്തിയായ ശേഷം പെട്ടെന്നൊരു ദിവസം പ്രക്രിയ മുഴുവൻ റദ്ദാക്കിയതോടെ ഉദ്യോഗാർത്ഥികൾക്ക് ഉണ്ടായ കനത്ത സാമ്പത്തിക നഷ്ടത്തിനും മാനസിക വിഷമത്തിനും ആര് മറുപടി പറയും എന്ന ചോദ്യമാണ് ഇപ്പോൾ ഉയരുന്നത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഗ്രാമീണ വനിതാ സംരംഭങ്ങൾക്ക് കരുത്തേകാൻ 'സരസ് ശക്തി' കളക്ഷൻ പുറത്തിറക്കി

**ന്യൂഡൽഹി:** ഗ്രാമപ്രദേശങ്ങളുടെ പരിവർത്തനത്തെക്കുറിച്ചുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കാഴ്ചപ്പാടിന് അനുസൃതമായി, കേന്ദ്ര ഗ്രാമീണ വികസന മന്ത്രാലയം സംഘടിപ്പിച്ച രാഷ്ട്രീയ ഗ്രാമീൺ വികാസ് സമ്മേളൻ സമാപിച്ചു. ശക്തമായ കേന്ദ്രസംസ്ഥാന സഹകരണം, ജനകീയ പങ്കാളിത്തത്തോടെയുള്ള വികസനം, സാങ്കേതികവിദ്യാധിഷ്ഠിത ഭരണം എന്നിവയിലൂടെ വികസിത ഗ്രാമം, വികസിത ഭാരതം എന്ന ലക്ഷ്യം വേഗത്തിലാക്കാനുള്ള കൂട്ടായ പ്രതിജ്ഞാബദ്ധതയോടെയാണ് രണ്ടുദിവസത്തെ ദേശീയ കോൺക്ലേവ് അവസാനിച്ചത്. പ്രധാന ഗ്രാമീണ വികസന പദ്ധതികളുടെ നടത്തിപ്പ് അവലോകനം ചെയ്യുന്നതിനും, വിവിധ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും മികച്ച മാതൃകകൾ പരസ്പരം പങ്കുവെക്കുന്നതിനും, ഗ്രാമീണ പരിവർത്തനത്തിന്റെ അടുത്ത ഘട്ടത്തിനായുള്ള കർമപദ്ധതി ചർച്ച ചെയ്യുന്നതിനുമുള്ള ഒരു വേദിയായി ഈ സമ്മേളനം മാറി.

കേന്ദ്ര ഗ്രാമീണ വികസന, കാർഷികകർഷക ക്ഷേമ മന്ത്രി ശിവ്‌രാജ് സിംഗ് ചൗഹാൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. കേന്ദ്ര ഗ്രാമീണ വികസന, വാർത്താവിനിമയ സഹമന്ത്രി ഡോ. ചന്ദ്രശേഖർ പെമ്മസാനി, ഗ്രാമ വികസന സഹമന്ത്രി കമലേഷ് പാസ്വാൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. രണ്ട് ദിവസങ്ങളിലായി നടന്ന ഈ പരിപാടിയിൽ വിവിധ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ഗ്രാമ വികസന മന്ത്രിമാർ, മുതിർന്ന ഉദ്യോഗസ്ഥർ, കേന്ദ്ര സംസ്ഥാന ഗവണ്മെന്റുകളിലെ വിദഗ്ധർ, സംസ്ഥാന ഗ്രാമീണ ഉപജീവന മിഷനുകളുടെ പ്രതിനിധികൾ, വികസന പങ്കാളികൾ എന്നിവർ ഒത്തുചേർന്നു.

VB-GRAMG നിയമം , 2025ന്റെ ഫലപ്രദമായ നടത്തിപ്പായിരുന്നു സമ്മേളനത്തിന്റെ പ്രധാന ശ്രദ്ധാകേന്ദ്രം. ഇതിനൊപ്പം പ്രധാനമന്ത്രി ആവാസ് യോജനഗ്രാമീൺ, പ്രധാനമന്ത്രി ഗ്രാം സഡക് യോജന, ദീൻദയാൽ അന്ത്യോദയ യോജനദേശീയ ഗ്രാമീണ ഉപജീവന മിഷൻ, ഗ്രാമീണ നൈപുണ്യ വികസന പരിപാടികൾ, നാഷണൽ സോഷ്യൽ അസിസ്റ്റൻസ് പ്രോഗ്രാം തുടങ്ങിയ പ്രധാന ഗ്രാമീണ വികസന പദ്ധതികളുടെ സമഗ്രമായ അവലോകനവും ഈ വേദിയിൽ നടന്നു.




ഖേത് ബച്ചാവോ അഭിയാൻ കാമ്പയിനിന്റെ ഭാഗമായി സിഎംഎഫ്ആർഐ സംഘടിപ്പിച്ച ശിൽപശാല എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

# വേമ്പനാട് കായൽ പുനരുജ്ജീവനവും പൊക്കാളി കൃഷി സംരക്ഷണവും പരിഗണനയിൽ

**കൊച്ചി:** വേമ്പനാട് കായൽ പുനരുജ്ജീവനവും പൊക്കാളി കൃഷി സംരക്ഷണവും പരിഗണനയിലെന്നു എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാധാകൃഷ്ണൻ.

ഖേത് ബച്ചാവോ അഭിയാൻ കാമ്പയിനിന്റെ ഭാഗമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) സംഘടിപ്പിച്ച ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജില്ലയുടെ കാർഷിക അഭിവൃദ്ധി ലക്ഷ്യമിട്ട് സമഗ്ര പഠനം നടത്തി ഇതുൾപ്പെടെ പുതിയ പദ്ധതികൾ ആവിഷ്കരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഫാം ടൂറിസം രംഗത്തെ മികച്ച സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി, ജില്ല പഞ്ചായത്തിന് കീഴിലുള്ള നേര്യമംഗലത്തെ 235 ഏക്കർ കൃഷിയിടം മികവിന്റെ കേന്ദ്രമാക്കി മാറ്റും. നഗരപ്രദേശങ്ങളിലെ ഹോർട്ടികൾച്ചർ സാധ്യതകൾ വിപുലപ്പെടുത്തുന്നതിനും പദ്ധതിയുണ്ട്.

മണ്ണിന്റെ ഫലഭൂയിഷ്ഠത വീണ്ടെടുക്കാനുള്ള അടിയന്തര ശ്രമങ്ങൾ ആവശ്യമാണ്. ലാഭകരമല്ലാത്ത ഏകവിള കൃഷിരീതികൾക്ക് പകരം വിപണിയുടെ ആവശ്യകത മുൻകൂട്ടി കണ്ടുകൊണ്ടുള്ള സംയോജിത കൃഷി രീതികളാണ് പുതിയ കാലത്ത് അനുയോജ്യമെന്നും കെ ജി രാധാകൃഷ്ണൻ പറഞ്ഞു.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് അധ്യക്ഷത വഹിച്ചു. സുസ്ഥിര കൃഷിരീതികളിലൂടെ മണ്ണ് സംരക്ഷണം ഉറപ്പാക്കാൻ സന്തുലിത വളപ്രയോഗം പ്രോത്സാഹിപ്പിക്കണമെന്ന് ശിൽപശാല ആവശ്യപ്പെട്ടു. മണ്ണ് പരിശോധന അടിസ്ഥാനമാക്കിയുള്ള വളപ്രയോഗം, സംയോജിത പോഷക പരിപാലനം, രാസവളങ്ങളോടൊപ്പം ജൈവവളങ്ങളുടെ ഉപയോഗം എന്നിവയിലൂടെ മണ്ണിന്റെ ഫലഭൂയിഷ്ഠത തിരിച്ചുപിടിക്കാനും കൃഷി സുസ്ഥിരമാക്കാനും സാധിക്കുമെന്ന് ശിൽപശാല വിലയിരുത്തി.

പരിമിതമായ സ്ഥലങ്ങളിൽ റൂഫ്ടോപ്പ് ഗാർഡനിംഗ്, വെർട്ടിക്കൽ ഫാമിംഗ്, ന്യൂട്രീഷൻ ഗാർഡൻ, മൈക്രോ ഗ്രീൻസ്, മണ്ണില്ലാ കൃഷി അക്വാപോണിക്സ്, പ്രിസിഷൻ ഫാമിംഗ് തുടങ്ങിയ ആധുനിക നഗര കൃഷി രീതികളും ശില്പശാലയിൽ പരിചയപ്പെടുത്തി.

ആലപ്പുഴ കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ പി മുരളീധരൻ, എറണാകുളം കൃഷി വിജ്ഞാന കേന്ദ്രത്തിലെ ഡോ ഷോജി ജോയി എഡിസൻ, സിഎംഫ്ആർഐയിലെ ഡോ. സനൽ എബ്നേസർ എന്നിവർ വിഷയാവതരണം നടത്തി.

പഞ്ചായത്ത് പ്രതിനിധികൾ, കർഷക ഉൽപ്പാദക സംഘടനകൾ, സ്വയംസഹായ സംഘങ്ങൾ, കർഷകർ എന്നിവർ പങ്കെടുത്തു. ഡോ സാജു ജോർജ്, ഡോ കാർത്തിക കെ എസ്. എന്നിവർ സംസാരിച്ചു.



# തബലയിൽ വിസ്മയം തീർത്ത് പണ്ഡിറ്റ് യോഗേഷ് സംസി

**ഫോർട്ട്കൊച്ചി:** കായിദയും റേലയും ഇടമുറിയാതെ പ്രേക്ഷക ഹൃദയങ്ങളിൽ വാദ്യസംഗീതത്തിന്റെ അലകൾ തീർത്ത് പണ്ഡിറ്റ് യോഗേഷ് സംസിയുടെ തബല സോളോ അവതരണം വിസ്മയമായി. അന്തരിച്ച തബല ആചാര്യൻ പണ്ഡിറ്റ് എൻ.വെങ്കടേഷ് നായകിന്റെ 109ാം ജന്മവാർഷികത്തിന്റെ ഭാഗമായി അമരാവതി ശ്രീ ഗോപാലകൃഷ്ണ മണ്ഡപത്തിൽ സംഘടിപ്പിച്ച സംഗീത പരിപാടിയിലാണ് പഞ്ചാബ് ഖരാനയ്ക്ക് ആഗോള പ്രശസ്തി നേടിക്കൊടുത്ത പണ്ഡിറ്റ് യോഗേഷ് സംസി കൊച്ചിയുടെ സംഗീത മനസുകളെ കീഴടക്കിയത്.

പത്ത് വർഷം മുൻപ് ഇതേ വേദിയിൽ യോഗേഷ് സംസി തബല സോളോ അവതരിപ്പിച്ചിട്ടുണ്ട്. സൂര്യ ഉപാദ്യായ ഹാർമോണിയം ലെഹ്‌റയിൽ അവതരണത്തിന്റെ ഭാഗമായി. ബാലകൃഷ്ണ കമ്മത്ത് (മൃദംഗം), ജയൻ മലമാരി (തബല), ശിവരാജ് എസ്. ഭട്ട് (ഹാർമോണിയം), രഘുരാജ് ആർ.സേട്ട് (വോക്കൽ) എന്നിവരും സംഗീതാവതരണം നടത്തി. വെങ്കടേഷ് നായകിന്റെ ശിഷ്യനും പ്രശസ്ത തബലിസ്റ്റുമായ ഡീൻ മോഹനാണ് പരിപാടി സംഘടിപ്പിച്ചത്.

# വിശാല കൊച്ചിയുടെ കുടിവെള്ള പ്രതിസന്ധിക്ക് പരിഹാരമായി ആലുവയിൽ 190 എം.എൽ.ഡി ജലശുദ്ധീകരണശാല

**കൊച്ചി:** കൊച്ചി നഗരത്തിലും സമീപ പ്രദേശങ്ങളിലുമുള്ള രൂക്ഷമായ കുടിവെള്ള പ്രതിസന്ധിക്ക് ശാശ്വത പരിഹാരം കാണുന്നതിനായി ആലുവയിൽ 190 എം.എൽ.ഡി ശേഷിയുള്ള പുതിയ ജലശുദ്ധീകരണശാല സ്ഥാപിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുമെന്ന് ജലവിഭവ വകുപ്പ് മന്ത്രി നിയമസഭയിൽ അറിയിച്ചു. എറണാകുളം എം.എൽ.എ ടി.ജെ. വിനോദ് നിയമസഭയിൽ ഉന്നയിച്ച ശ്രദ്ധക്ഷണിക്കലിന് മറുപടി നൽകുകയായിരുന്നു മന്ത്രി മോൻസ് ജോസഫ്.

കൊച്ചി കോർപ്പറേഷനും സമീപത്തെ അഞ്ച് മുനിസിപ്പാലിറ്റികളും 13 പഞ്ചായത്തുകളും ഉൾപ്പെടുന്ന വിശാല കൊച്ചി മേഖല നേരിടുന്ന കുടിവെള്ള പ്രതിസന്ധി പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടാണ് ടി.ജെ. വിനോദ് എം.എൽ.എ വിഷയം നിയമസഭയിൽ അവതരിപ്പിച്ചത്. ഗാർഹിക, വാണിജ്യ ആവശ്യങ്ങൾക്കും ജലജീവൻ മിഷൻ പദ്ധതികൾക്കും ആവശ്യമായ ജലലഭ്യത ഉറപ്പാക്കാൻ അടിയന്തര നടപടി വേണമെന്ന് ടി.ജെ. വിനോദ് എം.എൽ.എ ആവശ്യപ്പെട്ടു.

ആലുവ ജലശുദ്ധീകരണശാലയിൽ നിന്ന് ലഭിക്കുന്ന 225 എം.എൽ.ഡി ജലത്തിൽ 121.5 എം.എൽ.ഡിയും മരട് ജലശുദ്ധീകരണശാലയിലെ 100 എം.എൽ.ഡിയിൽ നിന്ന് 53.5 എം.എൽ.ഡിയും കൊച്ചി നഗരത്തിലേക്ക് വിതരണം ചെയ്യുന്നുണ്ടെങ്കിലും വിതരണ നഷ്ടം 40 മുതൽ 50 ശതമാനം വരെ ഉയർന്നതോടെ നഗരത്തിൽ കടുത്ത ജലക്ഷാമം അനുഭവപ്പെടുകയാണെന്ന് ചൂണ്ടിക്കാട്ടി.

കൊച്ചി നഗരത്തിലെ ഏകദേശം 1.5 ലക്ഷം ഗാർഹിക കണക്ഷനുകൾക്കും 28,000ഓളം ഗാർഹികേതര കണക്ഷനുകൾക്കും വ്യാവസായിക സ്ഥാപനങ്ങൾക്കും പുറമെ കൊച്ചി തുറമുഖം, നാവിക ആസ്ഥാനം, കൊച്ചിൻ ഷിപ്പ്‌യാർഡ്, റെയിൽവേ സ്റ്റേഷനുകൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോട്ടലുകൾ തുടങ്ങിയ പ്രധാന സ്ഥാപനങ്ങൾക്കും ജലവിതരണം നടത്തേണ്ട സാഹചര്യമാണുള്ളതെന്ന് ടി.ജെ. വിനോദ് വ്യക്തമാക്കി. നിലവിലെ ആവശ്യത്തിന് അനുസരിച്ച് നഗരത്തിൽ പ്രതിദിനം ഏകദേശം 50 എം.എൽ.ഡി ജലത്തിന്റെ കുറവുണ്ടെന്നും ടി.ജെ. വിനോദ് എം.എൽ.എ പറഞ്ഞു.

# പാമ്പുകടി പ്രതിരോധിക്കാൻ നീക്കങ്ങളുമായി ബിഎസ്‌വി

**കൊച്ചി:** കാലവർഷം കനത്തതോടെ ഗ്രാമീണ മേഖലകളിൽ പാമ്പുകടി മൂലമുണ്ടാകുന്ന അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കി പ്രമുഖ ഫാർമസ്യൂട്ടിക്കൽ കമ്പനിയായ ബിഎസ്‌വി. കഴിഞ്ഞ രണ്ട് പതിറ്റാണ്ടിലേറെയായി ഗുണമേന്മയുള്ള ആൻറി സ്നേക്ക് വെനം ലഭ്യമാക്കുന്നതിൽ മുൻപന്തിയിലുള്ള ബിഎസ്‌വി, പാമ്പുകടി പ്രതിരോധ പ്രവർത്തനങ്ങൾക്കായി 4എ എന്ന സമഗ്ര പദ്ധതി രാജ്യവ്യാപകമായി ആവിഷ്കരിച്ചിരിക്കുകയാണ്.

പാമ്പുകടിയേറ്റവർക്ക് കൃത്യമായ ചികിത്സയും മികച്ച ആരോഗ്യവും ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള ഈ പദ്ധതി അവെയർനെസ്, അക്സസ്, അവൈലബിലിറ്റി, ആക്ഷൻ എന്നീ നാല് പ്രധാന കാര്യങ്ങളിൽ അധിഷ്ഠിതമാണ്. പാമ്പുകടിയെക്കുറിച്ചുള്ള പരമ്പരാഗത അന്ധവിശ്വാസങ്ങൾ ഇല്ലാതാക്കുക, ശാസ്ത്രീയമായ പ്രഥമ ശുശ്രൂഷയെക്കുറിച്ചും ചികിത്സയെക്കുറിച്ചും ബോധവൽക്കരണം നടത്തുക എന്നിവയ്ക്കാണ് പദ്ധതിയിൽ മുൻഗണന നൽകുന്നത്. പാമ്പുകടിയേറ്റവർക്ക് ഏറ്റവും അടുത്തുള്ള ആരോഗ്യകേന്ദ്രങ്ങളിൽ എത്രയും വേഗം ചികിത്സ ലഭ്യമാക്കുക. ഗ്രാമീണ അർദ്ധ നഗര പ്രദേശങ്ങളിൽ ഗുണനിലവാരമുള്ള ആന്റി സ്നേക്ക് വെനത്തിൻറെ വിതരണം തടസമില്ലാതെ ഉറപ്പാക്കുക എന്നിവ ചികിത്സയിൽ ഏറെ പ്രധാനമാണ്. കൃത്യസമയത്ത് ശരിയായ ചികിത്സ നൽകുക വഴി പക്ഷാഘാതം, രക്തം കട്ടപിടിക്കുന്നതിലെ തകരാറുകൾ, വൃക്ക തകരാറുകൾ, ഒന്നിലധികം അവയവങ്ങളുടെ പ്രവർത്തനം നിലയ്ക്കൽ തുടങ്ങിയ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളും മരണങ്ങളും ഗണ്യമായി കുറയ്ക്കാൻ സാധിക്കും.

പാമ്പുകടി പ്രതിരോധിക്കുന്നതിനായി ശാസ്ത്രീയവും ഫലപ്രദവുമായ ചികിത്സകൾ ലഭ്യമാക്കാൻ ബിഎസ്‌വി എപ്പോഴും പ്രതിജ്ഞാബദ്ധരാണന്ന് ബിഎസ്‌വി ഇന്ത്യ ബിസിനസ് സിഒ ശിവാനി ശർമ്മ ദേക പറഞ്ഞു.

ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് ഇന്ത്യയിൽ പ്രതിവർഷം 58,000ത്തോളം ആളുകൾ പാമ്പുകടിയേറ്റ് മരിക്കുന്നുണ്ട്. ഇത് ആഗോളതലത്തിലുള്ള പാമ്പുകടി മരണങ്ങളുടെ പകുതിയോളം വരും. ചികിത്സ വൈകുന്ന ഓരോ മിനിറ്റും രോഗിയുടെ ജീവന് ഭീഷണിയാണ്. തെറ്റിദ്ധാരണകൾ ഒഴിവാക്കി രോഗിയെ എത്രയും വേഗം കൃത്യമായ ചികിത്സാ കേന്ദ്രത്തിൽ എത്തിക്കാൻ സാധിച്ചാൽ ആയിരക്കണക്കിന് ജീവനുകൾ രക്ഷിക്കാൻ കഴിയുമെന്നും മൂവാറ്റുപുഴ ചാരിസ് മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ ജനറൽ മെഡിസിൻ വിഭാഗത്തിലെ ഡോ. അജി ബാലകൃഷ്ണൻ പറഞ്ഞു.



# ഇന്ത്യയിൽ ഡേവൂ ഹോം അപ്ലയൻസസ് വിപുലീകരിക്കാൻ ഇബിജി ഗ്രൂപ്പ്–പോസ്കോ ഇന്റർനാഷണൽ കരാർ

**ന്യൂഡൽഹി:** ദക്ഷിണ കൊറിയൻ ബ്രാൻഡായ ഡേവൂവിന്റെ ഗാർഹിക ഉപകരണ വിഭാഗത്തിന്റെ ഇന്ത്യയിലെ ബ്രാൻഡ് ലൈസൻസിങ് അവകാശത്തിനായി ഇബിജി ഗ്രൂപ്പും പോസ്കോ ഇന്റർനാഷണലും തന്ത്രപ്രധാന കരാറിൽ ഒപ്പുവെച്ചു. ഇതിന്റെ ഭാഗമായി അടുത്ത മൂന്ന് വർഷത്തിനിടെ 100 കോടി രൂപ നിക്ഷേപിക്കാനും 2027ഓടെ രാജ്യത്താകെ 100 ഡേവൂ എക്സ്പീരിയൻസ് സ്റ്റോറുകൾ ആരംഭിക്കാനുമാണ് ഇബിജി ഗ്രൂപ്പിന്റെ പദ്ധതി.

ആദ്യഘട്ടത്തിൽ ഫ്രിഡ്ജ്, വാഷിങ് മെഷീൻ, എയർ കണ്ടീഷണർ, ഡിഷ്‌വാഷർ തുടങ്ങിയ പ്രധാന ഗാർഹിക ഉപകരണങ്ങളാണ് വിപണിയിലെത്തിക്കുക. മേക്ക് ഇൻ ഇന്ത്യ പദ്ധതിക്ക് അനുസൃതമായി, തുടക്കത്തിൽ ഇറക്കുമതി ചെയ്യുന്ന ഘടകങ്ങൾ ഉപയോഗിച്ച് ഇന്ത്യയിൽ അസെംബിൾ ചെയ്യുന്ന ഉൽപ്പന്നങ്ങളിൽ ആഭ്യന്തര വൽക്കരണം ഘട്ടംഘട്ടമായി 20 ശതമാനത്തിൽ നിന്ന് 80 ശതമാനമായി ഉയർത്തുമെന്നും കമ്പനി അറിയിച്ചു.

ഒരൊറ്റ പ്ലാറ്റ്ഫോമിലൂടെ വിവിധ ഗാർഹിക ഉപകരണങ്ങളെ ബന്ധിപ്പിക്കുന്ന 'ഡേവൂ വൺ' എന്ന സ്മാർട്ട് ഹോം ഇക്കോസിസ്റ്റവും കമ്പനി അവതരിപ്പിക്കും. കൃത്രിമ ബുദ്ധി (എഐ), ഇന്റർനെറ്റ് ഓഫ് തിങ്സ് (ഐഒടി) സാങ്കേതികവിദ്യകൾ സംയോജിപ്പിച്ചുള്ള ഈ സംവിധാനം ഉപഭോക്താക്കൾക്ക് കൂടുതൽ സൗകര്യപ്രദമായ സ്മാർട്ട് ഹോം അനുഭവം നൽകുമെന്ന് കമ്പനി അറിയിച്ചു.

STERLING & WILSON

## ഈജിപ്തിൽ 560 ദശലക്ഷം ഡോളറിന്റെ സൗരോർജ പദ്ധതി സ്വന്തമാക്കി സ്റ്റെർലിംഗ് ആൻഡ് വിൽസൺ റിന്യൂവബിൾ എനർജി

**മുംബൈ:** സ്റ്റെർലിംഗ് ആൻഡ് വിൽസൺ റിന്യൂവബിൾ എനർജി ലിമിറ്റഡും (എസ്ഡബ്ല്യുആർഇഎൽ) ഈജിപ്തിലെ പ്രമുഖ നിർമാണ കമ്പനിയായ ഹസൻ അല്ലം കൺസ്ട്രക്ഷനും ചേർന്ന സംയുക്ത സംരംഭം ഈജിപ്തിലെ വെസ്റ്റ് മിന്യ സൗരോർജ പദ്ധതിയുടെ എഞ്ചിനീയറിംഗ്, പ്രൊക്യൂർമെന്റ്, കൺസ്ട്രക്ഷൻ (ഇപിസി) കരാർ സ്വന്തമാക്കി. ഏകദേശം 560 ദശലക്ഷം യുഎസ് ഡോളർ (ഏകദേശം 4,800 കോടി രൂപ) മൂല്യമുള്ള പദ്ധതിയാണിത്.

ഈജിപ്തിലെ മിന്യ ഗവർണറേറ്റിൽ നടപ്പാക്കുന്ന പദ്ധതിയിൽ 1,000 മെഗാവാട്ട് എസി ശേഷിയുള്ള സോളാർ ഫോട്ടോവോൾട്ടായിക് പ്ലാന്റും 600 മെഗാവാട്ട്മണിക്കൂർ ശേഷിയുള്ള ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റവും (ബിഇഎസ്എസ്) ഉൾപ്പെടും. പദ്ധതി പൂർത്തിയാകുന്നതോടെ ഈജിപ്തിലെ ഏറ്റവും വലിയ യൂട്ടിലിറ്റിതല പുനരുപയോഗ ഊർജ പദ്ധതികളിലൊന്നായി ഇത് മാറും.

സോളാർ പ്ലാന്റ്, ബാറ്ററി എനർജി സ്റ്റോറേജ് സംവിധാനം, ഗ്രിഡ് കണക്ഷൻ, ട്രാൻസ്മിഷൻ സൗകര്യങ്ങൾ എന്നിവയുടെ സമ്പൂർണ എഞ്ചിനീയറിംഗ്, ഉപകരണ സംഭരണം, നിർമാണം എന്നിവ സംയുക്ത സംരംഭം നിർവഹിക്കും. കഴിഞ്ഞ ഒൻപത് മാസത്തിനിടെ കമ്പനി നേടുന്ന മൂന്നാമത്തെ ജിഗാവാട്ട് ശേഷിയുള്ള സൗരോർജ പദ്ധതിയാണിത്.




## മലയാളി വിദ്യാർഥിനിയ്ക്ക് ഹോങ്കോങ് സർവകലാശാലയുടെ 1.4 കോടിയുടെ സ്കോളർഷിപ്പ്

**കൊച്ചി:** മലയാളി വിദ്യാർഥിനിക്ക് അന്താരാഷ്ട്ര തലത്തിൽ വൻ നേട്ടം. ഹോങ്കോങ് സർവകലാശാലയുടെ അഞ്ച് വർഷത്തെ ഡ്യുവൽ ഡിഗ്രി പ്രോഗ്രാമിലേക്ക് കൊച്ചി സ്വദേശിനി സാറ സോണിക്ക് പൂർണ്ണ സ്കോളർഷിപ്പ് ലഭിച്ചു. 11.3 ലക്ഷം ഹോങ്കോങ് ഡോളർ (ഏകദേശം 1.4 കോടി രൂപ) മൂല്യമുള്ളതാണ് ഈ സ്കോളർഷിപ്പ്.

ബാച്ചിലർ ഓഫ് ലോസ് (എൽ എൽ ബി), ബാച്ചിലർ ഓഫ് സോഷ്യൽ സയൻസസ് ഇൻ ഗവൺമെൻറ് ആൻഡ് ലോസ് എന്നീ രണ്ട് ബിരുദങ്ങൾ ഒന്നിച്ച് നേടാൻ സഹായിക്കുന്നതാണ് ഈ അഞ്ചുവർഷത്തെ കോഴ്സ്. പഠനച്ചെലവ് പൂർണ്ണമായും സ്കോളർഷിപ്പ് തുകയിൽ നിന്നാണ് കണ്ടെത്തുക.

പന്ത്രണ്ടാം ക്ലാസ് ബോർഡ് പരീക്ഷയിൽ 98 ശതമാനം മാർക്കോടെ ഉന്നത വിജയം കരസ്ഥമാക്കിയ സാറ, കടുത്ത മത്സരമുള്ള ഒന്നിലധികം റൗണ്ട് അഭിമുഖങ്ങളും ഗ്രൂപ്പ് ഡിസ്കഷനുകളും പിന്നിട്ടാണ് ഈ നേട്ടത്തിന് അർഹയായത്. ആഗോളതലത്തിൽ നിലവിൽ ക്യൂ.എസ് വേൾഡ് യൂണിവേഴ്സിറ്റി റാങ്കിങ്ങിൽ ഏഷ്യയിൽ ഒന്നാമതും ലോകതലത്തിൽ പതിനൊന്നാമതുമാണ് ഹോങ്കോങ് സർവകലാശാല.

തിരഞ്ഞെടുപ്പ് പ്രക്രിയയിലെ മികച്ച പ്രകടനത്തെത്തുടർന്ന്, ന്യൂഡൽഹിയിലെ ഷാംഗ്രിലാ ഹോട്ടലിൽ നടന്ന സ്കോളർഷിപ്പ് വിതരണ ചടങ്ങിൽ ഇന്ത്യൻ സ്കോളർഷിപ്പ് ജേതാക്കളെ പ്രതിനിധീകരിച്ച് സംസാരിക്കാനുള്ള അത്യപൂർവ്വ അവസരവും സാറയ്ക്ക് ലഭിച്ചിരുന്നു. നിയമം, ഭരണം, പബ്ലിക് പോളിസി, സോഷ്യൽ സയൻസ് എന്നിവയിൽ മികച്ച അടിത്തറ നൽകുന്നതാണ് ഈ ഇന്റർ ഡിസിപ്ലിനറി പ്രോഗ്രാം.

കൊല്ലം മയ്യനാട് സ്വദേശി സോണി തോമസിന്റെയും എറണാകുളം സ്വദേശിനി വിനീത പാനിക്കുളത്തിന്റെയും മകളാണ് സാറ. എസ്തർ ഏക സഹോദരിയാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ലുലു ഓൺ സെയിൽ; ജൂലൈ 9 മുതൽ 12 വരെ 50 ശതമാനം വിലക്കുറവ്

**കൊച്ചി:** ഷോപ്പിങ് പ്രേമികൾക്ക് വൻ വിലക്കുറവിന്റെ ഉത്സവകാലം സമ്മാനിച്ചുകൊണ്ട് കൊച്ചി ലുലു മാളിൽ ഈ വർഷത്തെ ലുലു ഓൺ സെയിൽ തീയതികൾ പ്രഖ്യാപിച്ചു. ജൂലൈ 9,10,11,12 (ചൊവ്വാഴ്ച മുതൽ വെള്ളി വരെ) ദിവസങ്ങളിലാണ് കൊച്ചിക്ക് ഷോപ്പിങ് രാവൊരുക്കി മെഗാ ഫ്ലാറ്റ് ഫിഫ്റ്റി സെയിൽ അരങ്ങേറുക. ലുലു മാളിലെ അഞ്ഞൂറിലധികം (500+) അന്താരാഷ്ട്ര ബ്രാൻഡുകൾ ഈ ഓഫർ മേളയുടെ ഭാഗമാകും. പ്രമുഖ ബ്രാൻഡുകളുടെ ഫാഷൻ തുണിത്തരങ്ങൾ, ലൈഫ് സ്റ്റൈൽ ഉത്പന്നങ്ങൾ എന്നിവയെല്ലാം 50 ശതമാനം വരെ വിലക്കുറവിൽ ഇവിടെ നിന്ന് സ്വന്തമാക്കാൻ സാധിക്കും. എൻഡ് ഓഫ് സീസൺ സെയിലിന്റെ ഭാഗമായി ലുലുവിന്റെ എല്ലാ സ്റ്റോറുകളിലും വൻ ഇളവുകളാണ് പ്രഖ്യാപിച്ചിരിക്കുന്നത്. ലുലു ഹൈപ്പർമാർക്കറ്റ്, ലുലു ഫാഷൻ, ലുലു കണക്ട് എന്നിവയിലെല്ലാം ഓഫറുകൾ ലഭ്യമാണ്.



നിത്യോപയോഗ സാധനങ്ങൾ, ഗ്രോസറി, ഫാഷൻ വസ്ത്രങ്ങൾ എന്നിവയ്ക്ക് പുറമെ ലുലു കണക്ടിലെ തിരഞ്ഞെടുക്കപ്പെട്ട ഇലക്ട്രോണിക്സ്, ഡിജിറ്റൽ ഗാഡ്ജെറ്റുകൾ എന്നിവയും ആകർഷകമായ ഡിസ്കൗണ്ടിൽ വാങ്ങാം. ലുലു ഹാപ്പിനസ് ലോയലിറ്റി ആപ്പ് അംഗങ്ങൾക്ക് 'ഇയർലി ആക്സസ്' വഴി മറ്റുള്ളവർക്ക് മുൻപേ ജൂലൈ 8 മുതൽ തന്നെ ഈ ഓഫർ ഷോപ്പിങ് ആസ്വദിക്കാനുള്ള സവിശേഷ സൗകര്യവും ഒരുക്കിയിട്ടുണ്ട്.

നാല് ദിവസം നീണ്ടുനിൽക്കുന്ന മെഗാ സെയിലിനോട് അനുബന്ധിച്ച് ലുലു മാളിൽ വിപുലമായ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ഉപഭോക്താക്കളുടെ യാത്ര സുഗമമാക്കുന്നതിനായി കൊച്ചി മെട്രോ അധിക സർവീസുകൾ നടത്തും. കൂടാതെ മാളിൽ എത്തുന്ന വാഹനങ്ങൾക്കായി പ്രത്യേക പാർക്കിങ് ക്രമീകരണങ്ങളും അധിക സുരക്ഷാ ജീവനക്കാരെയും വിന്യസിച്ചിട്ടുണ്ട്.

ലുലു ഓൺ സെയിലിന്റെ ഔദ്യോഗിക ഡേറ്റ് അനൗൺസ്മെന്റ് ചടങ്ങ് ലുലു മാളിൽ വെച്ച് പ്രൗഢഗംഭീരമായി നടന്നു. ചടങ്ങിൽ കൊച്ചി ലുലു മാൾ ജനറൽ മാനേജർ വിഷ്ണു രഘുനാഥ്, ലുലു ഹൈപ്പർമാർക്കറ്റ് ജനറൽ മാനേജർ ജോ പൈനേടത്ത് എന്നിവരും മറ്റ് ഉദ്യോഗസ്ഥരും പങ്കെടുത്തു.

# മൂന്ന് മാസം കൊണ്ട് എസി വിൽപ്പന ഒരു ദശലക്ഷം പിന്നിട്ട് വോൾട്ടാസ്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ എസി ബ്രാൻഡായ വോൾട്ടാസ് ലിമിറ്റഡ് 2026-27 സാമ്പത്തിക വർഷത്തിന്റെ ആദ്യ മൂന്ന് മാസത്തിൽ തന്നെ 10 ലക്ഷത്തിലധികം എയർ കണ്ടീഷണറുകൾ വിറ്റഴിച്ച് റെക്കോർഡ് നേട്ടം കൈവരിച്ചു. ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിലാണ് കമ്പനി ഈ അപൂർവ്വ നാഴികക്കല്ല് പിന്നിട്ടത്.

ഉപഭോക്താക്കളുടെ വർദ്ധിച്ചുവരുന്ന ആവശ്യകതയും ബ്രാൻഡിന്മേലുള്ള തികഞ്ഞ വിശ്വാസവുമാണ് ഈ വൻ മുന്നേറ്റത്തിന് വഴിയൊരുക്കിയത്. വിപണിയിലെ എല്ലാ വിഭാഗം ആളുകളുടെയും ആവശ്യങ്ങൾ കൃത്യമായി മനസ്സിലാക്കി പ്രീമിയം, മിഡ്, വാല്യൂ എന്നിങ്ങനെ തരംതിരിച്ചുള്ള ഉൽപ്പന്നങ്ങളാണ് വോൾട്ടാസ് കഴിഞ്ഞ വർഷം അവതരിപ്പിച്ചത്. വ്യത്യസ്തമായ വില നിലവാരത്തിലും സവിശേഷതകളിലും ഉൽപ്പന്നങ്ങൾ ലഭ്യമാക്കിയുള്ള കമ്പനിയുടെ വിപണി തന്ത്രങ്ങൾ മികച്ച ഫലം കണ്ടതായാണ് പുതിയ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.

ആർട്ടിഫിഷ്യൽ ഇൻറലിജൻസ് സാങ്കേതികവിദ്യയോടെയുള്ള പുതിയ ഉൽപ്പന്നങ്ങളുടെ അവതരണവും പ്രമുഖ താരങ്ങളെ ഉൾപ്പെടുത്തിയുള്ള വിപുലമായ പരസ്യപ്രചാരണങ്ങളും ബ്രാൻഡിൻറെ ജനപ്രീതി വർദ്ധിപ്പിച്ചു. ഡീലർമാർ, ഡിസ്ട്രിബ്യൂട്ടർമാർ, റീട്ടെയിലർമാർ, സർവീസ് പങ്കാളികൾ എന്നിവരടങ്ങുന്ന ശക്തമായ ശൃംഖലയുടെ പിന്തുണയാണ് വോൾട്ടാസിനെ ഈ റെക്കോർഡ് വേഗത്തിൽ ലക്ഷ്യത്തിലെത്തിച്ചത്. ഇതിൻറെ ഭാഗമായി ഈ സീസണിൽ വോൾട്ടാസ് തിരഞ്ഞെടുത്ത ലക്ഷക്കണക്കിന് കുടുംബങ്ങളോടുള്ള ആദരസൂചകമായി 'ഇന്ത്യാസ് ഫസ്റ്റ്. കീപ്പിംഗ് ഇന്ത്യ ഫസ്റ്റ്.' എന്ന പേരിൽ കമ്പനി ഒരു ദേശീയ കാമ്പയിനും തുടക്കം കുറിച്ചിട്ടുണ്ട്.




ഒരു സാമ്പത്തിക വർഷത്തിൻറെ ആദ്യ മൂന്ന് മാസങ്ങൾക്കുള്ളിൽ തന്നെ പത്ത് ലക്ഷം എസികളുടെ വിൽപ്പന പൂർത്തിയാക്കാൻ കഴിഞ്ഞത് വോൾട്ടാസിനെ സംബന്ധിച്ച് ചരിത്രപരമായ നേട്ടമാണെന്ന് വോൾട്ടാസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ മുകുന്ദൻ മേനോൻ പറഞ്ഞു. രാജ്യത്തുടനീളമുള്ള ഉപഭോക്താക്കൾ ബ്രാൻഡിലർപ്പിച്ച അചഞ്ചലമായ വിശ്വാസത്തിൻറെയും തങ്ങളുടെ ടീമിൻറെ മികച്ച പ്രവർത്തനത്തിൻറെയും തെളിവാണിത്. നൂതനമായ ഉൽപ്പന്നങ്ങളും ഉപഭോക്തൃ സേവനങ്ങളും ഉറപ്പാക്കിക്കൊണ്ട് വിപണിയിലെ ഈ നേതൃസ്ഥാനം വരും നാളുകളിലും നിലനിർത്താൻ കമ്പനി പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




# വന്ദേ ഭാരതം പദ്ധതി: അംബാസഡറും അവതാരകനുമായി നടൻ രാജീവ് ഖണ്ഡേൽവാൾ

**കൊച്ചി:** രാജ്യത്തിന്റെ താഴെത്തട്ടിലുള്ള സംരംഭകരേയും നൂതന ആശയങ്ങളുള്ളവരേയും കണ്ടെത്തുന്നതിനായി അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനി തുടക്കം കുറിച്ച ദേശീയ സംരംഭകത്വ പദ്ധതിയായ വന്ദേ ഭാരതം പരിപാടിയുടെ അംബാസഡറും അവതാരകനുമായി പ്രശസ്ത നടനും ടെലിവിഷൻ അവതാരകനുമായ രാജീവ് ഖണ്ഡേൽവാളിനെ പ്രഖ്യാപിച്ചു.

രാജ്യത്തെ മുഴുവൻ സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള ഗ്രാമീണ തദ്ദേശീയരെ മുന്നോട്ട് കൊണ്ടുവരാൻ രാജീവ് ഖണ്ഡേൽവാൾ ഒപ്പമുണ്ടാകും. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് അഹമ്മദാബാദിൽ നടക്കുന്ന ദേശീയ ഗ്രാൻഡ് ഫിനാലെ വരെയുള്ള പ്രധാന ഘട്ടങ്ങൾ അദ്ദേഹം നിയന്ത്രിക്കും.

പരമ്പരാഗത സ്റ്റാർട്ടപ്പ് ഹബ്ബുകൾക്ക് പുറത്തുള്ള ചെറുകിട പട്ടണങ്ങളിലെയും ഗ്രാമങ്ങളിലെയും പ്രതിഭകളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. രാജ്യത്തെ മുഴുവൻ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 800ലധികം ജില്ലകളിൽ വന്ദേ ഭാരതം പദ്ധതിയിലൂടെ പ്രതിഭകളെ കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വിവിധ ഘട്ടങ്ങളായുള്ള തിരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ അവസാന റൗണ്ടിലേക്ക് 75 ഫൈനലിസ്റ്റുകളെ തിരഞ്ഞെടുക്കും. പദ്ധതിയിലേക്കുള്ള അപേക്ഷകൾ vandebharatam.org എന്ന വെബ്സൈറ്റ് വഴി സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്.

# ഇൻഷുറൻസ് ഫോർ ഓൾ: ഉപഭോക്തൃ അവബോധത്തിന് കോമിക് ബുക്ക് സീരിസുമായി ഐആർഡിഎഐ

**കൊച്ചി:** ലൈഫ് ഇൻഷുറൻസ് എടുക്കേണ്ടതിന്റെ പ്രാധാന്യം പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി കോമിക് ബുക്ക് സീരിസ് അവതരിപ്പിച്ച് ഇൻഷുറൻസ് റെഗുലേറ്ററി ആൻഡ് ഡവലപ്മെന്റ് അതോറിറ്റി ഓഫ് ഇന്ത്യ (ഐആർഡിഎഐ). സങ്കീർണമായ ഇൻഷുറൻസ് നടപടിക്രമങ്ങളെയും പദങ്ങളെയും ലളിതമായി ആളുകളിലേക്കെത്തിക്കുകയാണ് ബുക്ക് അവതരിപ്പിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. രാജ്യത്തെ പ്രമുഖ ലൈഫ് ഇൻഷുറൻസ് കമ്പനികളുടെ മേധാവികൾ പങ്കെടുത്ത ചടങ്ങിൽ ഐആർഡിഎഐ ചെയർമാൻ അജയ് സേഥ് പുസ്തകം പ്രകാശനം ചെയ്തു. വിവാഹിതരായ സ്ത്രീകളുടെ സ്വത്തവകാശത്തെക്കുറിച്ചും പ്രീമിയം അടയ്ക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ താത്കാലിക പരിരക്ഷ നല്കുന്നതിനെക്കുറിച്ചും പോളിസികളിൽ അധികമായി ചേർക്കാവുന്ന ക്രിട്ടിക്കൽ ഇൽനെസ് റൈഡറിനെക്കുറിച്ചും ആളുകൾക്ക് ഏറ്റവും വേഗത്തിൽ മനസ്സിലാക്കാവുന്ന രീതിയിലാണ് പുസ്തകമുള്ളത്. ഇൻഷുറൻസ് അഡ്വൈസർ സുപ്രിയ എന്ന കഥാപാത്രത്തിലൂടെയാണ് ഇൻഷുറൻസ് സംബന്ധമായ മുഴുവൻ കാര്യങ്ങളും വിശദീകരിക്കുന്നത്. അപ്രതീക്ഷിതമായ സാമ്പത്തിക ആവശ്യങ്ങൾ പരിഹരിക്കുന്നതിന് രാജ്യത്തെ ഓരോ കുടുംബങ്ങളെയും പര്യാപ്തമാക്കുകയാണ് 'ഇൻഷുറൻസ് ഫോർ ഓൾ' ക്യാംപെയിന്റെ ലക്ഷ്യമെന്ന് ഇൻഷുറൻസ് അഡ്വൈസറി കമ്മിറ്റി ലൈഫ് ചെയർപേഴ്സൺ കമലേഷ് റാവു പറഞ്ഞു. സാമ്പത്തിക ആസൂത്രണത്തിന്റെ പ്രധാന ഭാഗമാക്കി ഇൻഷുറൻസിനെ മാറ്റാനും, ജനങ്ങൾക്കിടയിൽ കൂടുതൽ വിശ്വാസ്യത വളർത്താനും ഐആർഡിഎഐയുമായി ഒന്നിച്ച് പ്രവർത്തിക്കുമെന്ന് ലൈഫ് ഇൻഷുറൻസ് കൗൺസിൽ സെക്രട്ടറി ജനറൽ ആദിത്യ ഗുപ്ത അഭിപ്രായപ്പെട്ടു. ചടങ്ങിൽ ഇന്ത്യ ഫസ്റ്റ് ലൈഫ് ഇൻഷുറൻസ് എംഡിയും സിഇഒയുമായ ഋഷഭ് ഗാന്ധി, പിഎൻബി മെറ്റ്ലൈഫ് എംഡിയും സിഇഒയുമായ സമീർ ബൻസാൽ, ലൈഫ് ഇൻഷുറൻസ് കൗൺസിൽ എംഡി ദൊരൈസാമി എന്നിവർ പങ്കെടുത്തു.